## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5744** — **02.07.2014 ൽ മറുപടിക്ക്.**

### ടെക്സ്റ്റൈൽ ഷോപ്പുകളിലെ തൊഴിൽ ചൂഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) ടെക്സ്റ്റൈൽ ഷോപ്പുകളിൽ വ്യത്യസ്ത തൊഴിലിലേർപ്പെട്ടവർ വ്യാപകമായി ചൂഷണം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വ്യാപകമായ തൊഴിൽ ചൂഷണമൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സ്ഥാപനങ്ങളിൽ തൊഴിൽ നിയമങ്ങൾ അനുശാസിക്കുന്ന അർഹതപ്പെട്ട സേവന വ്യവസ്ഥകൾ പാലിക്കപ്പെടാതെയും മിനിമം വേതനം, ലീവ്, ആഴ്ച അവധി എന്നിവ നൽകാത്തതായും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എന്തൊക്കെ നിയമനടപടികളാണ് ഇതിനെതിരായി സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇത്തരം തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് തൊഴിൽ ഉടമകൾ ഉറപ്പ് വരുത്തേണ്ട സൗകര്യങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാന വ്യാപകമായി 1906 ടെക്സ്റ്റൈൽ ഷോപ്പുകളിൽ സ്ക്വാഡ് ഇൻസ്പെക്ഷനുകൾ നടത്തി, തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും, അടിസ്ഥാന സൗകര്യങ്ങളും ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും പരിശോധനയെ തുടർന്ന് നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം നടത്തിയതായി കണ്ടെത്തിയ തൊഴിലുടമകൾക്കെതിരേ, നിയമനടപടികൾ സ്വീകരിക്കുകയും ഉണ്ടായി. ജീവനക്കാരുടെ അവകാശം |

സംരക്ഷിക്കുന്നതിനുതകുന്ന ഭേദഗതി നിയമത്തിൽ വരുത്തുന്നതിനായി കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ബിൽ 2014 സർക്കാരിന്റെ പരിഗണനയിലാണ്.

1948-ലെ മിനിമം വേതന നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം, 1960-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ പ്രകാരം ലഭ്യമാകേണ്ട ജോലി സമയം, അധിക സമയ ജോലിയ്ക്കുള്ള ഓവർടൈം വേതനം, ജോലിക്കിടയിലെ വിശ്രമ സമയം, ആഴ്ച അവധി, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) നിയമ പ്രകാരം ലഭിക്കേണ്ട ശമ്പളത്തോടുകൂടിയ ദേശീയ ഉത്സവ അവധി ദിനങ്ങൾ, 1961-ലെ മെറ്റേർണിറ്റി ബെനഫിറ്റ് ആക്ട് പ്രകാരം സ്ത്രീ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളാണ് പ്രധാനമായും തൊഴിലുടമകൾ ഉറപ്പു വരുത്തേണ്ടത്.

ടെക്സ്റ്റൈൽ ഷോപ്പുകളിൽ നടത്താറുള്ള സ്ക്വാഡ് പരിശോധനാവേളയിൽ, മേൽ പറഞ്ഞിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന് തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉറപ്പ് വരുത്തുന്നുണ്ട്.

(signature)

സെക്ഷൻ ഓഫീസർ.